പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2657 17.06.2019 ൽ മറുപടിയ്ക്ക്

## വന്യജീവി ആക്രമണത്തിന് ഇരയാകുന്നവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | വന്യജീവികളുടെ ആക്രമണം മൂലം പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ; | (എ) നിലവിൽ വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും, പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ചികിത്സാർത്ഥം ചെലവായ മുഴുവൻ തുകയും നൽകി വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇത്തരം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ; | (ബി) 05.04.18 ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/18/വനം പ്രകാരം നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ വർദ്ധനവിനു മുൻപുള്ള നിരക്കും ഇപ്പോഴത്തെ നിരക്കും താരതമ്യപ്പെടുത്തി പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ ; | (സി) വർദ്ധനവിനു മുമ്പുള്ള നിരക്കും ഇപ്പോഴത്തെ നിരക്കും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | കഷ്ട നഷ്ടങ്ങളുടെ സ്വഭാവം | വർദ്ധനവിനു മുൻപുള്ള നിരക്ക് | നിലവിലെ നഷ്ടപരിഹാര തുക (രൂപയിൽ) |
|---|---|---|---|
| 1. | വന്യജീവി ആക്രമണംമൂലമുള്ള മരണം | 5 ലക്ഷം രൂപ | 10 ലക്ഷം രൂപ |
| 2 | വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | 2 ലക്ഷം രൂപ |
| 3 | വന്യജീവി ആക്രമണം മൂലമുള്ള സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ | 2 ലക്ഷം രൂപ |
| 4 | വന്യജീവി ആക്രമണംമൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000 രൂപ , പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ). | 1 ലക്ഷം രൂപ<br><br>പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ). |
| 5 | വന്യജീവി ആക്രമണംമൂലമുള്ള വീട്ടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |
| 6 | വന്യജീവി ആക്രമണംമൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) | നഷ്ടത്തിന്റെ 100% (പരമാവധി 1 ലക്ഷം രൂപ) |

സെക്ഷൻ ഓഫീസർ